(ഡി) ഉണ്ട്.

(ഇ) ശാസ്ത്രീയമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിവുള്ള ഏജൻസിയെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) അഞ്ച് വർഷത്തോളമായി.

(ജി) 1980-ൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന് 1983-ൽ ഭരണാനുമതി നൽകി.

(എച്ച്) 29.2.2000 വരെ 12.77 കോടി രൂപ ചെലവഴിച്ചു.

(ഐ) പദ്ധതിക്കാവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുവാനും പുനരധിവസിപ്പിക്കേണ്ടവരെ യഥായോഗ്യം പുനരധിവസിപ്പിക്കുവാനും നഷ്ടപ്പെടുന്ന വനത്തിന് പകരമായി വനവൽക്കരണം നടത്തുവാനും ഉദ്ദേശിക്കുന്നു. ഇത് സാധ്യമാകുന്നതോടെ സമരപരിപാടികളിൽനിന്നും കല്ലാർ സംരക്ഷണസമിതി പിൻതിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നുമുണ്ടാകില്ല എന്നുറപ്പുവരുത്താൻ പാരിസ്ഥിതിക ആഘാതപഠനം നടത്താനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

കനാലുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി

35 (3434)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിലെ കെ.എൽ.ഡി.സി. കനാലുകളിലെയും, ഇറിഗേഷൻ കനാലുകളിലേയും ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ചണ്ടിയും കുളവാഴയും കാരണം കനാലുകളിലൂടെ വെള്ളം ഒഴുകിപ്പോകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഫലമായി ബണ്ടുകൾ തകർന്നുപോകുന്നതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 1996 മുതൽ ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യുന്നതിനായി ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പീച്ചി, ചിമ്മിനി എന്നീ ജലസംഭരണികളിൽനിന്നും കോൾ മേഖലയിലേയ്ക്ക് വെള്ളം തുറന്നുവിടുന്നതിന് മുമ്പ് ചണ്ടി, കുളവാഴ തുടങ്ങിയവ വാരി നീക്കുന്ന പ്രവർത്തനങ്ങൾ നടത്താറുണ്ട്.

(ബി) ചണ്ടിയും കുളവാഴയും നിമിത്തം ഉപരിതലത്തിലെ ഒഴുക്കുമാത്രമേ തടസ്സപ്പെടുന്നുള്ളൂ. ബണ്ടുകൾ തകർന്നതായ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) 1996-97 - 4,77,442 രൂപ

1997-98 - 5,11,015 രൂപ

1998-99 - ഇല്ല.

1999-2000 - 3,31,744 രൂപ

LIBRARY ARCHIVES Kerala Legislative Assembly